പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 380 27/06/2012-ൽ മറുപടിക്ക്.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലെ പട്ടികയിൽ നിന്ന് അനർഹരെ ഒഴിവാക്കാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. റ്റി. ബൽറാം ;<br>ശ്രീ. വി. ഡി. സതീശൻ ;<br>ശ്രീ. പി. എ. മാധവൻ ;<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| **(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലെ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;** | **(എ) പദ്ധതിയുടെ ഗുണഭോക്തൃപ്പട്ടികയിൽ ചുരുക്കം ചില അനർഹരെങ്കിലും കടന്നുകൂടിയിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| **(ബി) പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ചിയാകിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ;** | **(ബി) 2002-ലെ ബി.പി.എൽ. ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തി 2008-ൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിരുന്നതിനാൽ ലിസ്റ്റിൽ അനർഹർ അംഗമാകുന്നതിന് കാരണമായിട്ടുണ്ടെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ആദ്യ വർഷങ്ങളിൽ ഇടത്തരക്കാരും പദ്ധതിയുടെ ഭാഗമായിട്ടുണ്ടെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പല കുടുംബങ്ങളും പദ്ധതിയിൽ ഉൾപ്പെടാതെ പോയിട്ടുണ്ടെന്നും നിരീക്ഷിക്കുകയുണ്ടായി.** |

(സി) പട്ടികയിൽ നിന്ന് അനർഹരെ ഒഴിവാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

(സി) പദ്ധതിയിൽ കടന്നുകൂടിയിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിനുള്ള ശുപാർശ ചെയ്യുവാൻ അതാത് പഞ്ചായത്ത് സമിതികൾക്ക് അധികാരം നൽകിയിട്ടുണ്ട്. അനർഹരുടെ സ്മാർട്ട് കാർഡുകൾ ഇത്തരത്തിൽ തടഞ്ഞ് വയ്ക്കുന്നതിന് വ്യവസ്ഥയുണ്ട്. ഗുണഭോക്തൃപ്പട്ടിക തയ്യാറാക്കുന്നതിനായി കെൽട്രോൺ രൂപകല്പന ചെയ്ത സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതുമൂലം ഒരു റേഷൻ കാർഡ് ഉപയോഗിച്ച് ഒന്നിലധികം സ്മാർട്ട് കാർഡ് നേടിയവരെ കണ്ടെത്തുന്നതിനും റദ്ദ് ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ